# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3187 — 10/12/2018-ൽ മറുപടിയ്ക്ക്

### പ്രീ-സ്കൂൾ മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ബി.ഡി. ദേവസ്സി**<br>**ശ്രീ. ഒ. ആർ. കേളു**<br>**ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ. പി. ഉണ്ണി** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പ്രീ-സ്കൂൾ മേഖലയിലെ പ്രശ്നങ്ങൾ കണ്ടെത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തിയിരുന്നോ; റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; | (എ) ചുമതലപ്പെടുത്തിയിരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) പ്രീ-സ്കൂൾ സംവിധാനത്തെ ശിശു സംരക്ഷണ കേന്ദ്രങ്ങളുമായി ഏകോപിപ്പിച്ച് എല്ലാ കുട്ടികൾക്കും ശാസ്ത്രീയമായ പ്രീ-സ്കൂൾ സേവനം ഉറപ്പാക്കാൻ പദ്ധതിയുണ്ടോ; | (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഓരോ ജില്ലയിലെയും 30 വീതം പ്രീ സ്കൂളുകളെ കേന്ദ്രീകരിച്ച് ചുറ്റുമുള്ള അങ്കണവാടികളെ ജൈവികമായി ബന്ധിപ്പിച്ച് ശാസ്ത്രീയമായ പരിചരണവും വിദ്യാഭ്യാസവും ഉറപ്പു വരുത്തുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്ട് ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (സി) പ്രീ.കെ.ജി., എൽ.കെ.ജി., യു.കെ.ജി. തുടങ്ങി സ്വകാര്യ മേഖല വാണിജ്യതാൽപര്യത്തോടെ കൈയടക്കിയിരിക്കുന്ന രംഗം ശാസ്ത്രീയമായി നവീകരിച്ച് പൊതു വിദ്യാഭ്യാസ സംരക്ഷണത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ? | (സി) പ്രീ സ്കൂൾ മേഖലയിലെ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി പരിഷ്കരിയ്ക്കുന്നതിന്;<br>1) പ്രീ സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കി പ്രസിദ്ധീകരിച്ചു.<br>2) പ്രീ സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രവർത്തന പുസ്തകം 'കളിപ്പാട്ടം' എന്ന പേരിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>3) 3+, 4+ കുട്ടികൾക്കുള്ള പ്രവർത്തന കാർഡുകളും അദ്ധ്യാപക വിനിമയ സഹായിയും 'കളിത്തോണി' ഭാഗം ഒന്നും പ്രസിദ്ധീകരിച്ചു. രണ്ടും, മൂന്നും ഭാഗങ്ങൾ തയ്യാറാക്കി വരുന്നു.<br>4) വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ അംഗീകൃത പ്രീ സ്കൂളുകളിലെ മുഴുവൻ അദ്ധ്യാപകർക്കും ഈ വർഷം പരിശീലനം നൽകും.<br>5) ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി പൈലറ്റ് പ്രോജക്ടായി ആസൂത്രണം ചെയ്തിട്ടുണ്ട്. |

Reena

സെക്ഷൻ ഓഫീസർ